പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7440 — 17.7.2012-ൽ മറുപടിയ്ക്ക്

ജൈവ കൃഷിയുടെ വ്യാപനം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>" റോഷി അഗസ്റ്റിൻ<br>" പി. സി. ജോർജ് | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ജൈവകൃഷിയുടെ വ്യാപനം സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാടെന്താണ് ; | (എ) | ജൈവകൃഷി ഘട്ടംഘട്ടമായി സംസ്ഥാനത്ത് വ്യാപിപ്പിക്കണ മെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ജൈവ കൃഷി വ്യാപനത്തിന്റെ ഭാഗമായി സ.ഉ.39/10/ കൃഷി തിരുവന ന്തപുരം, 2010 ഫെബ്രുവരി 10 പ്രകാരം ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നയം അടിസ്ഥാനപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഈ ഗവൺമെന്റ് അധികാര ത്തിൽവന്ന തിനുശേഷം ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിച്ചു ; വ്യക്തമാക്കുമോ ; | (ബി) | 2011-2012 വർഷത്തിൽ സംസ്ഥാന പദ്ധതിയായി ഓർഗാനി ക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുകയും പദ്ധതിയ്ക്കായി 449.98 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നെല്ല്, പച്ചക്കറി , സുഗന്ധവ്യഞ്ജനങ്ങൾ , തെങ്ങ് , കിഴങ്ങു വർഗ്ഗങ്ങൾ മുതലായവ ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിനാണ് തുക വിനിയോ |

ഗിച്ചത്. 2012-13 വർഷത്തിൽ ജൈവകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്. തുക ഫലപ്രദമായി ജൈവകൃഷിക്കായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

| | | | |
|---|---|---|---|
| (സി) | ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**